**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4484** **01-07-2024 - ൽ മറുപടിയ്ക്ക്**

**പൂർത്തിയാകാത്ത വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ അനുമതി ലഭിച്ചിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്ത വൈദ്യുതോല്പാദന പദ്ധതികൾ ഏതെല്ലാമാണെന്ന് അവ ഓരോന്നിനും അനുമതി ലഭിച്ച തീയതികൾ സഹിതം അറിയിക്കുമോ; | (എ) | സർക്കാർ അനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്ത പദ്ധതികൾ നിലവിലുണ്ട്. വിശദാംശങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | നിർമ്മാണം ആരംഭിച്ച ശേഷം പൂർത്തീകരിക്കാത്ത എത്ര വൈദ്യുതോല്പാദന പദ്ധതികൾ ഉണ്ട്; പദ്ധതികളുടെ പേരും തരവും നിർമ്മാണം ആരംഭിച്ച തീയതിയും അറിയിക്കുമോ; | (ബി) | നിർമ്മാണം ആരംഭിച്ച ശേഷം പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. . |
| (സി) | സംസ്ഥാനത്ത് താരതമ്യേന ചെലവ് കുറഞ്ഞ എത്ര ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കാൻ കഴിയും എന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | ജലവൈദ്യുത പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ ലാഭകരമാണ്. 92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടി യായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്.<br><br>കൂടാതെ ഇടുക്കി സുവർണ്ണ ജൂബിലീ പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/ 347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>കൂടാതെ ഡാമുകളിൽ നിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം 3150 മെഗാവാട്ട്ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പര്യവേഷണങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ഇതിൽ 2 |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കുന്നതിനു സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്.<br><br>കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തികളും നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിലൂടെ ആകെ എത്ര വൈദ്യുതി വരെ ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്ന 11 പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ പ്രതിവർഷം 674.70 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ യാഥാർത്ഥ്യമാവുമ്പോൾ പ്രതിവർഷം 262.60 മില്യൺ യുണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്ന താണ്.<br><br>കൂടാതെ ഭാവിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലീ, ശബരിഗിരി എക്സ്റ്റൻഷൻ സ്കീം, ലക്ഷ്മി എന്നീ ജല വൈദ്യുത പദ്ധതികൾ യാഥാർത്ഥ്യമാവുമ്പോൾ പ്രതിവർഷം ഏകദേശം 2482 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.<br><br>കൂടാതെ ഭാവിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 9 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ യാഥാർത്ഥ്യമാവുമ്പോൾ പ്രതിവർഷം ഏകദേശം 5989 മില്യൺ യുണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

<u>കെ എസ് ഇ ബി എൽ മുഖേന</u>

| നമ്പർ | പദ്ധതി | മെഗവാട്ട് | അനുമതി ലഭിച്ച തിയ്യതി |
|---|---|---|---|
| 1 | മരിപ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതി | 6 | 13.02.2015 |
| 2 | വളാംതോട് ചെറുകിട ജല വൈദ്യുത പദ്ധതി | 7.50 | 28.05.2015 |
| 3 | ചെമ്പുകടവ് ചെറുകിട ജല വൈദ്യുത പദ്ധതി സ്റ്റേജ് III | 7.50 | 09.03.2015 |
| 4 | പീച്ചാട് ചെറുകിട ജല വൈദ്യുത പദ്ധതി | 3 | 29.04.2014 |
| 5 | ലാഡ്രം ചെറുകിട ജല വൈദ്യുത പദ്ധതി | 3.5 | 27.04.2017 |
| 6 | മാർമ്മല ചെറുകിട ജല വൈദ്യുത പദ്ധതി | 7 | 16.02.2015 |
| 7 | ആനക്കയം ചെറുകിട ജല വൈദ്യുത പദ്ധതി | 7.5 | 03.05.2014 |
| 8 | കീരിത്തോട് ചെറുകിട ജല വൈദ്യുത പദ്ധതി | 12 | 06.05.2021 |

<u>ഇ എം സി മുഖേന</u>

| No | പദ്ധതി | സംരംഭകർ | അനുമതി നൽകിയ തീയതി | ഉത്പാദന ശേഷി (MW) | പദ്ധതി പൂർത്തിയാകാൻ ഉദ്ദേശിച്ചിട്ടുള്ള സമയം |
|---|---|---|---|---|---|
| 1. | കീഴാർക്കുത്ത് | ജനറൽ മെക്കാനിക്കൽ വർക്സ് ലിമിറ്റഡ് | 21.07.2014 | 19.8 | വനാനുമതി ലഭ്യമായ ശേഷം 3 കൊല്ലം. |
| 2. | കോഴിയിളക്കുത്ത് | എ ബി ജി എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 21.07.2014 | 1.5 | കെ.എസ്.ഇ.ബി.എൽ -ൽ നിന്ന് ലെറ്റർ ഓഫ് കംഫർട്ട് നല്കുന്ന സമയം മുതൽ 2 വർഷത്തിനുള്ളിൽ |
| 3. | വെള്ളക്കയം | ശ്രീ. വൈ സ്ലീബാച്ചൻ | 07.05.2022 | 0.09 | വനാനുമതി ലഭിച്ചതിന് ശേഷം 1 കൊല്ലം. |
| 4. | പട്ടയക്കുടി | ശ്രീ. വൈ സ്ലീബാച്ചൻ | 07.05.2022 | 0.1 | വനാനുമതി ലഭിച്ചതിന് ശേഷം 1 കൊല്ലം. |
| 5. | അറ്റ്ലെ I | ദർശൻ ഹൈഡ്രോ പവർ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡ് | 15.11.2021 | 6 | വനാനുമതി ലഭിച്ചതിന് ശേഷം 2 കൊല്ലം. |
| 6. | അറ്റ്ലെ II | ദർശൻ റിന്യൂവബിൾ എനർജീസ് പ്രൈവറ്റ് ലിമിറ്റഡ് | 01.12.2021 | 6 | വനാനുമതി ലഭിച്ചതിന് ശേഷം 2 കൊല്ലം. |
| 7. | കനകപ്പുഴ | നെൽസൺ റിന്യൂവബിൾ എനർജി | 15.02.2022 | 1 | 2026-27. (2017 ൽ അനുവദിച്ച പദ്ധതി പിന്നീട് 2021- ൽ പുതുക്കി |

| | | | | | |
|---|---|---|---|---|---|
| | | പ്രൈവറ്റ് ലിമിറ്റഡ് | | | അനുവദിക്കുകയും 2022- ൽ ഇമ്പ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ടുകയും ചെയ്തു. 2024- ൽ പദ്ധതിയുടെ സ്ഥാപിത ശേഷി 0.75 MW ൽ നിന്ന് 1 MW ആയി ഉയർത്തി TEFR കമ്മറ്റി അനുമതി നൽകി.) |
| 8. | കണ്ണംകുഴി | തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ | 25.07.2017 | 7 | വനാനുമതി ലഭിച്ചതിന് ശേഷം 3 കൊല്ലം. |
| 9.. | പെണവൂർ | ശ്രീ. ബേബി അലക്സ് | 01.08.2023 | 7 | വനാനുമതി ലഭിച്ചതിന് ശേഷം 3 കൊല്ലം |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

<u>കെ എസ് ഇ ബി എൽ ന്റെ പദ്ധതികൾ</u>

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ആരംഭിച്ച തിയ്യതി |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി | 60 | നിർമ്മാണ പ്രവർത്തനങ്ങൾ 01.03.2007-ൽ ആരംഭിച്ചതാണ്. 13.09.2018-ൽ നിർമ്മാണ കരാർ റദ്ദാക്കി. ഫലപ്രദമായ അവലോകനം നടത്തി ബാക്കിയുള്ള ജോലികൾ 4 ആയി തിരിച്ച 4 കമ്പനികൾക്ക് കരാർ നൽകി. 2 കമ്പനികൾ പണി പൂർത്തീകരിച്ചു. 09.08.2019 ൽ ആരംഭിച്ച സിവിൽ ജോലികൾ 99.50% പൂർത്തിയായി.. 2024-ൽ തന്നെ നിർമ്മാണം പൂർത്തിയാകുന്നതാണ് |
| 2 | തൊട്ടിയാർ ജല വൈദ്യുത പദ്ധതി | 40 | നിർമ്മാണ പ്രവർത്തനങ്ങൾ 16.01.2009-ൽ ആരംഭിച്ചതാണ്. 28.04.2017 ൽ നിർമ്മാണ കരാർ റദ്ദാക്കി. 09.04.2018 ൽ പുതിയ കരാറുകാരൻ നിർമ്മാണം ആരംഭിച്ച 94.80% സിവിൽ ജോലികൾ പൂർത്തിയായി. 2024 ൽ തന്നെ നിർമ്മാണം പൂർത്തിയാകുന്നതാണ് |
| 3 | പൊരിങ്ങൽക്കുത്ത് മൈക്രോ ജലവൈദ്യുത പദ്ധതി | 0.036 | നിർമ്മാണ പ്രവർത്തനങ്ങൾ 01.04.2024 ൽ ആരംഭിച്ചു. 15% ജോലികൾ പൂർത്തിയായി. 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| 4 | മാങ്കുളം ജല വൈദ്യുത പദ്ധതി | 40 | നിർമ്മാണ പ്രവർത്തനങ്ങൾ 16.05.2022 ൽ ആരംഭിച്ചു. 21 % സിവിൽ ജോലികൾ പൂർത്തിയായി. 2026 മെയ് മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 5 | ചിന്നാർ ചെറുകിട ജല വൈദ്യുത പദ്ധതി- ഫേസ് 2 | 24 | ഫേസ് 1 ന്റെ നിർമ്മാണം പൂർത്തിയായി. ഫേസ് 2 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 08.07.2022-ൽ ആരംഭിച്ചു. 35% സിവിൽ ജോലികൾ പൂർത്തിയായി. 2025 ഫെബ്രുവരി മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 6 | ഒലിക്കൽ ചെറുകിട ജല വൈദ്യുത പദ്ധതി | 5 | നിർമ്മാണ പ്രവർത്തനങ്ങൾ 19.09.2022-ൽ ആരംഭിച്ചു. 42% സിവിൽ ജോലികൾ പൂർത്തിയായി. 2025 ജൂൺ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 7 | പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി | 3 | നിർമ്മാണ പ്രവർത്തനങ്ങൾ 19.09.2022-ൽ ആരംഭിച്ചു. 31% സിവിൽ ജോലികൾ പൂർത്തിയായി. 2025 ജൂൺ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 8 | ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 15.02.2014-ൽ ആരംഭിച്ചു. 99.7% സിവിൽ ജോലികൾ പൂർത്തിയായി. |
| 9 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | 85 ദശലക്ഷം യൂണിറ്റ് | നിർമ്മാണ പ്രവർത്തനങ്ങൾ 06.07.2009-ൽ ആരംഭിച്ചു. 77.32% സിവിൽ ജോലികൾ പൂർത്തിയായി. 2027 ജൂലൈ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 10 | പഴശ്ശി സാഗർ ചെറുകിട ജല വൈദ്യുത പദ്ധതി | 7.50 | നിർമ്മാണ പ്രവർത്തനങ്ങൾ 25.05.2018-ൽ ആരംഭിച്ചു. 42.67% സിവിൽ ജോലികൾ പൂർത്തിയായി. 2025 ഡിസംബർ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 11 | അപ്പർ ചെങ്കുളം ചെറുകിട ജല വൈദ്യുത പദ്ധതി | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 22.05.2024-ൽ ആരംഭിച്ചു. 2028 മെയ് മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

ഇ എം സിയുടെ പദ്ധതികൾ

| No | പദ്ധതി | സംരംഭകർ | ആരംഭിച്ച തീയ്യതി | ഉത്പാദന ശേഷി (MW) |
|---|---|---|---|---|
| 1. | ഏഴാംകടവ് | സുയിസോ എനർജി പ്രൈവറ്റ് ലിമിറ്റഡ് | 21.12.2021 | 0.35 |
| 2. | പാലക്കുഴി | പാലക്കാട് ജില്ലാ പഞ്ചായത്ത് | 15.01.2024 (വനാനുമതി ലഭിച്ച ഈ തീയതി മുതൽ പദ്ധതിയുടെ പണികൾ ആരംഭിച്ചു.) | 1 |

സെക്ഷൻ ഓഫീസർ